കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- കോഴിക്കോട്-ചോറോട് ഗ്രാമ പഞ്ചായത്ത് -- സ്പെഷ്യൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.ബി) വകുപ്പ്

സ.ഉ (സാധാ) നം. 367/2013/തസ്വഭവ തിരുവനന്തപുരം, തീയതി 11.02.2013

---

പരാമർശം:- 1) 14.2.11-ലെ ജി ഒ (എം എസ്) 41/11/തസ്വഭവ നമ്പർ ഉത്തരവ്

2) ചോറോട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 14.2.12-ലെ19/2012 നമ്പർ തീരുമാനം

3) ചോറോട് ഗ്രാമ പഞ്ചായത്ത് പ്രസിഡൻറിൻെറ 2.5.12-ലെ എ1-1460/11 നമ്പർ കത്ത്

4) കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 8.1.13-ലെ ബി5-6080/12 നമ്പർ കത്ത്

<u>ഉത്തരവ്</u>

2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം റൂൾ 82 പ്രകാരം സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കുന്നതിനായി പരാമർശം രണ്ട് പ്രകാരം ചോറോട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളതായും പ്രസ്തുത കമ്മിറ്റിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം മൂന്ന് പ്രകാരം ചോറോട് ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. പരാമർശ 4 പ്രകാരം സ്പെഷ്യൽ കമ്മിറ്റി രൂപീകരണത്തിനുള്ള പാനൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻെറ അടിസ്ഥാനത്തിലും 2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 82 -ലെ വ്യവസ്ഥകൾ പ്രകാരവും സ്പെഷ്യൽ കമ്മിറ്റി രൂപീകരിച്ച് ചുവടെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| 1. | പ്രസിഡൻറ് , ചോറോട് ഗ്രാമപഞ്ചായത്ത് | ചെയർപേഴ്സൺ |
| 2. | സെക്രട്ടറി , ചോറോട് ഗ്രാമപഞ്ചായത്ത് | കൺവീനർ |
| 3. | ഡെപ്യൂട്ടി ടൗൺ പ്ളാനർ, കോഴിക്കോട് | അംഗം |
| 4. | എക്സിക്യൂട്ടീവ് എഞ്ചിനീയർ പി ഡബ്ളിയു ഡി ബിൽഡിംഗ്സ് ഡിവിഷൻ, കോഴിക്കോട് | ,, |

5. എക്സിക്യൂട്ടീവ് എഞ്ചിനീയർ പി ഡബ്ളിയു ഡി റോഡ്സ് ഡിവിഷൻ, വടകര — അംഗം

6 റോഡ് വികസന കമ്മിറ്റിയിലെ രണ്ട് അംഗങ്ങൾ

1. ശ്രീ. ടി. എം രാജൻ (വികസന സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)
2. ശ്രീ. പി. വി ചന്ദ്രൻ (വാർഡ് മെമ്പർ)

ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കൺവീനർ കമ്മിറ്റിയുടെ യോഗം വിളിച്ചുകൂട്ടേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഡോ. രാജൻ ഖൊബ്രഗഡെ
ഗവൺമെൻറ് സെക്രട്ടറി

പ്രസിഡൻറ് , ചോറോട് ഗ്രാമപഞ്ചായത്ത് .

സെക്രട്ടറി , ചോറോട് ഗ്രാമപഞ്ചായത്ത് .
അംഗങ്ങൾ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , കോഴിക്കോട്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ